വൈസ് ചാൻസലർ

*൪൩൨. (൪൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈസ് ചാൻസലർ ശ്രീ. നന്ദൻമേനോൻ തൽസ്ഥാനം രാജി വെച്ചുകൊണ്ടുള്ള എഴുത്ത് ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചു എന്ന കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) പകരം ആരെയാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചില്ല. രാജി സമർപ്പിച്ചത് ചാൻസലർ തിരുമനസ്സിലേക്കാണ്.

(ബി) ഗവണ്മെണ്ടിനെ അറിയിച്ചിട്ടില്ല.

(സി) ആ കാര്യം തീരുമാനിച്ചിട്ടില്ല.

പണിമുടക്കുകളും ലാക്കൗട്ടുകളും

*൪൩൩. (൪൨) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

പണിമുടക്കുകളും ലാക്കൗട്ടുകളും അസാദ്ധ്യമാക്കിത്തീർക്കുന്ന ഒരു ഉത്തരവ് കമ്മ്യൂണിസ്റ്റ് ചൈനാ ഗവണ്മെണ്ട് പുറപ്പെടുവിച്ചിരിക്കുന്നതായും, ആ ഉത്തരവ് ഉന്നപ്രകാരമെന്നു വിവരിച്ചും ഫ്രൻ ൫൦ നവമ്പർ ൩൦-ാംനു-യിലെ മലയാളമനോരമയിൽ പ്രസിദ്ധം ചെയ്തിരുന്ന വാർത്ത ഗവണ്മെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

ഉണ്ട്.

ഇൻഡ്യാഗവണ്മെണ്ടിലേക്ക് തടി

*൪൩൪. (൪൯) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.

തിരു–കൊച്ചി സംസ്ഥാനത്തിൽനിന്നും കുറെ മരം ഇൻഡ്യാ ഗവണ്മെണ്ടിലേക്ക് കൊടുക്കാമെന്ന ഇയ്യിടെ വല്ല കരാറും ഉണ്ടായിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇന്ത്യാഗവണ്മെണ്ടിന്റെ സപ്ലൈ വകുപ്പിലെ ആവശ്യത്തിലേക്ക് ൫൭൦൦ ടൺ പാഴ് മരപ്പലക (softwood planks) വിൽക്കുന്നതിനു ഫ്രൻ ൫൦-ൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

KOTTAPADY PRIMARY SCHOOL

*435. (60) Sri. N. P. Verghese: Will the Hon'ble Minister for Education be pleased to state. –

(a) whether the people of North Kottapady in Muvatupuzha taluk applied for a primary school in North Kottapady in 1121,

LIBRARY ARCHIVES Kerala Legislative Assembly

(*b*) whether Government agreed to sanction the school if the people put up the necessary building;

(*c*) whether the people put up a building and offered to surrender it to Government in 1125 Medam:

(*d*) is it a fact that the South Kottapady school has 14 classes and 900 pupils and the school building could not accommodate all the pupils ?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**):

(*a*) Yes.

(*b*) Yes.

(*c*) Yes. It was however too late in the year to open the school.

(*d*) The school has only 13 class divisions and a total strength of 480 pupils.

PRIMARY SCHOOL TEACHERS

***436.** (62) **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Education and Labour be pleased to state.—

(*a*) whether the salary and service conditions of primary school teachers in the Travancore and Cochin areas of the State are the same; and

(*b*) if not whether the Government intends to evolve a uniform scheme in regard to their salary and service and if so, when ?

Minister for Education, Food and Labour (**Sri. T. K. Narayana Pillai**) :

(*a*) No.

(*b*) Yes. The matter is under consideration.

Unstarred questions posted for Answer on 10th March 1951

എലക്ട്രിക് ലയിൻ

൨൭. (൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പറവൂർ പട്ടണത്തിന്റെ തെക്കെ അത്തിവരെ ഇട്ടിരിക്കുന്ന എലക്ട്രിക് ലയിൻ കോട്ടുള്ളിവഴി വരാപ്പുഴയ്ക്ക് നീട്ടി പൊതുജനങ്ങളുടെ ആവശ്യം സാധിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിക്കയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) ലയിൻ നീട്ടുന്നതിലേക്ക് ഒരു എസ്റ്റിമേറ് അനുവദിച്ചിട്ടുണ്ട്.

കുറപ്പുഴ തോടിന്റെ പണി

൨൮. (൪) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിലുള്ള കുറപ്പുഴ തോടിന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) എന്നു പണി തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly